# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1619**

**04.12.2015 - ൽ മറുപടിക്ക്**

## നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.എ.റ്റി.ജോർജ്ജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്ന് കേരചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺ സ്ട്രേഷൻ സംഘടിപ്പിക്കുകയും നീരയുല്പാദനത്തിനുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നതിലൂടെ നീരയുടെയും അനുബന്ധ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉല്പാദനത്തിനും വിപണനത്തിനും വേണ്ടത്ര പ്രചാരം നൽകുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയുമാണ് പൈലറ്റ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | സി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്ന് കേര ചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14 ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും, 2014-15 ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലും പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ